"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന വകുപ്പ്- ഫിഷറീസ് വകുപ്പിന്റെ 2013-14 വർഷത്തെ NFWF ഭവന പദ്ധതി ഗുണഭോക്താവായ ശ്രീമതി റൈഹാനത്ത് പി.കെ കൈപ്പറ്റിയ തുകയും ആയതിന്മേലുള്ള പലിശയും തിരികെ അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കി, ഈട് വച്ചിരിക്കുന്ന ആധാരം തിരികെ നൽകുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.352/2026/F&P തീയതി,തിരുവനന്തപുരം, 19-06-2026

---

പരാമർശം:- ഫിഷറീസ് ഡയറക്ടറുടെ 27/05/2026-ലെ DFTVM/2959/2024-N1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ നന്നമ്പ്ര പഞ്ചായത്ത് മുൻ പ്രസിഡന്റും നിലവിൽ പഞ്ചായത്ത് മെമ്പറുമായ ശ്രീമതി റൈഹാനത്ത് പി.കെ, ഫിഷറീസ് വകുപ്പിന്റെ 2013-14 വർഷത്തെ NFWF ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനായി ഗുണഭോക്താവായി തിരഞ്ഞെടുക്കപ്പെട്ടിരുന്നു. പദ്ധതി പ്രകാരം ആദ്യ ഗഡുവായി 50,000/-രൂപയും, രണ്ടാം ഗഡുവായി 75,000/- രൂപയും ഉൾപ്പെടെ ആകെ 1,25,000/-രൂപ അനുവദിച്ച് നൽകിയിരുന്നു. എന്നാൽ, ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ അവസാന ഗഡുവായ 75,000/-രൂപ അനുവദിച്ചിരുന്നില്ല.

2) മേൽ പദ്ധതി വ്യവസ്ഥകൾ പ്രകാരം ഗുണഭോക്താവ് ആധാരം ഈട് നൽകി കരാർ ഉടമ്പടി വച്ചിട്ടുള്ളതാണ്. എന്നാൽ, ഗുണഭോക്താവിന്റെ ഭർത്താവും മത്സ്യത്തൊഴിലാളിയുമായിരുന്ന ശ്രീ.റസാഖ് 2013 ഡിസംബർ മാസത്തിൽ മരണപ്പെട്ടതിനെ തുടർന്ന് കുടുംബത്തിന്റെ വരുമാന മാർഗം നിലച്ചതിനാൽ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ സാധിച്ചിരുന്നില്ല. നിലവിൽ വീട് ലിന്റൽ ലെവൽ വരെ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഗുണഭോക്താവിന് 14 വയസ്സും 10 വയസ്സുമുള്ള രണ്ട് മക്കളുണ്ടെന്നും, സാമൂഹിക പ്രവർത്തകരുടെയും സന്നദ്ധ സംഘടനകളുടെയും

സഹായത്തോടെയാണ് കുടുംബജീവിതം മുന്നോട്ട് പോകുന്നതെന്നും, വിധവാ പെൻഷൻ മാത്രമാണ് നിലവിലെ വരുമാനമെന്നും ഫിഷറീസ് ഡയറക്ടർ പരാമർശ പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ, ജനപ്രതിനിധിയായിരുന്നാലും മറ്റു വരുമാന മാർഗങ്ങളൊന്നും ഇല്ലാത്തതിനാൽ സാമ്പത്തികമായി അതീവ ബുദ്ധിമുട്ടിലാണ് കഴിയുന്നതെന്നും റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്താവിൽ നിന്നും ഈടാക്കേണ്ട കുടിശ്ശിക തുകയും പലിശയും കൂടി 3,64,795/- രൂപ ആയി കണക്കാക്കിയിട്ടുണ്ടെങ്കിലും, ഗുണഭോക്താവിന്റെ നിലവിലെ സാമ്പത്തിക സാഹചര്യവും ഭർത്താവിന്റെ മരണത്തെ തുടർന്നുണ്ടായ പ്രത്യേക മാനസികാവസ്ഥയും, പ്രായ പൂർത്തിയാകാത്ത കുട്ടികളുടെ പരിചരണം തുടങ്ങിയ സാഹചര്യങ്ങൾ നിലനിൽക്കുന്നതിനാലും തുക തിരിച്ചടക്കുന്നത് പ്രായോഗികമല്ലാത്ത സാഹചര്യമാണുള്ളതെന്ന് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ, മാനുഷിക പരിഗണന മുൻനിർത്തി ശ്രീമതി റൈഹാനത്ത് പി.കെ കൈപ്പറ്റിയ 1,25,000/-രൂപയും, പലിശയും ഉൾപ്പെടെയുള്ള തുക തിരിച്ചടവിൽ നിന്നും ഒഴിവാക്കി, ഈട് വച്ചിരിക്കുന്ന ആധാരം തിരികെ നൽകുന്നതിന് അനുമതി ലഭ്യമാക്കണമെന്ന് ഫിഷറീസ് ഡയറക്ടർ പരാമർശ പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3)സർക്കാർ ഇക്കാര്യം പരിശോധിച്ചു. നിലവിലെ സാമ്പത്തിക സാഹചര്യങ്ങൾ പരിഗണിച്ചും, മാനുഷിക പരിഗണന മുൻനിർത്തിയും ശ്രീമതി റൈഹാനത്ത് പി.കെ കൈപ്പറ്റിയ 1,25,000/- രൂപയും അതിന്മേലുള്ള പലിശയും തിരിച്ചടവിൽ നിന്ന് ഒഴിവാക്കി, ഈട് വച്ചിരിക്കുന്ന ആധാരം തിരികെ നൽകുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ) കേരളം, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ (സി2/350/2026/മതുവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

Signed by
Sabitha Shiju
Date: 20-06-2026 10:20:29

സെക്ഷൻ ഓഫീസർ